**കേരള സർക്കാർ**

സംഗ്രഹം

കേരള ലാന്റ് ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിലെ കായംകുളം പ്രോജക്റ്റ് എഞ്ചിനീയറുടെ പേരിൽ കായംകുളം സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **776/2018/ധന.** തിരുവനന്തപുരം, തീയതി **01.02.2018**

---

പരാമർശം - കേരള ലാന്റ് ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറുടെ 03.01.2018 ലെ കെ.എൽ.ഡി.സി./എഡി 1/652/07 നമ്പരായുള്ള കത്ത്.

**<u>ഉത്തരവ്</u>**

കായംകുളം പ്രോജക്റ്റ് എഞ്ചിനീയറുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അഞ്ച് വർഷത്തിൽ കൂടുതലായി പണമിടപാടുകൾ ഇല്ലാത്താതിനാൽ അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്ന തുകയായ 9,365/- രൂപ റവന്യൂ ഡിപ്പോസിറ്റിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട് എന്നും കായംകുളം പ്രൊജക്റ്റ് എൻജിനീയറുടെ ട്രഷറി അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യേണ്ടതിനാൽ പുതിയ സ്പെഷ്യൽ TSB അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നൽകണം എന്നും കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, കേരള ലാന്റ് ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിലെ കായംകുളം പ്രോജക്റ്റ് എഞ്ചിനീയറുടെ പേരിൽ കായംകുളം സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ്, കവടിയാർ പി.ഒ., തിരുവനന്തപുരം - 695 003

കൃഷി (PU) വകുപ്പ് ( e file No: AGRI-PU3/9/2018-AGRI പ്രകാരം )

ധനകാര്യ (PU-B) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ